## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1763 21.01.2014-ൽ മറുപടിയ്ക്ക്

## കോഴിക്കോട് സർക്കാർ പ്രസ്സിലെ ഇലക്ട്രീഷ്യൻ തസ്തിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.പ്രദീപ്കുമാർ** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് സർക്കാർ പ്രസ്സിൽ ഇലക്ട്രീഷ്യൻ ഇല്ലാത്തതുകാരണം പ്രസ്സിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ ഇലക്ട്രീഷ്യൻ തസ്തിക ഒഴിഞ്ഞുകിടക്കുന്നതുകാരണം പ്രസ്സിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടില്ല. |
| ബി) ഇലക്ട്രീഷ്യൻ തസ്തികയിൽ നിയമനം നടത്തുന്നതിന് ആവശ്യമായ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | (ബി) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ രണ്ടാം ഗ്രേഡ് ഇലക്ട്രീഷ്യൻ തസ്തികയിൽ നിലവിലുള്ള ഒരൊഴിവിലേക്ക്, നിയമനം നടത്തുന്നതിന് കോഴിക്കോട് ജില്ലാ പബ്ളിക് സർവ്വീസ് കമ്മീഷൻ ആഫീസിൽ റിപ്പോർട്ട് ചെയ്യുകയും ആയത് പ്രകാരം ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിനുള്ള ശുപാർശ ലഭിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകിയിട്ടുമുണ്ടായിരുന്നു. എന്നാൽ നാളിതുവരെ ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 20.12.2013-ലെ അച്ചടി വകുപ്പ് ഡയറക്ടറുടെ 5305/11/ഇ9 നമ്പർ കത്ത് പ്രകാരം എൻ.ജെ.ഡി.ഒഴിവ് കോഴിക്കോട് ജില്ലാ പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ ഇലക്ട്രിക് സെക്ഷനുമായി ബന്ധപ്പെട്ട അവശ്യജോലികൾ നിർവ്വഹിക്കുന്നതിന് തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഒരു സീനിയർ ഗ്രേഡ് ഇലക്ട്രീഷ്യന്റെയും വയനാട് ഗവൺമെന്റ് പ്രസ്സിലെ രണ്ടാം ഗ്രേഡ് ഇലക്ട്രീഷ്യന്റെയും സേവനം അടിയന്തിര ഘട്ടങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ